**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തസ്വഭവ-കേരള സംസ്ഥാന സേവനാവകാശ നിയമം 2012-പഞ്ചായത്ത് വകുപ്പിലെ സേവനങ്ങൾ, സമയപരിധി, നിയുക്ത ഉദ്യോഗസ്ഥൻ, അപ്പീൽ അധികാരികൾ-അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(പിഎസ്)വകുപ്പ്

സ.ഉ(എംഎസ്)നം. 03/2013/തസ്വഭവ. തിരുവനന്തപുരം, തീയതി, 01.01.2013.

---

പരാമർശം- 1.സ.ഉ(പി)നം. 55/2012/ഉഭപവ, തീയതി, 27.10.2012

2.സ.ഉ(പി)നം.56/2012/ ഉഭപവ, തീയതി, 27.10.2012

3. പഞ്ചായത്ത് ഡയറക്ടറുടെ 17.09.2012, 03.12.2012 എന്നീ തീയതികളിലെ ജി2-31289/2011 നമ്പർ കത്തുകൾ

4. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 17.09.2012 ലെ E17/6768/2012/ആർടിഎസ്എ/ സിഇ/തസ്വഭവ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന സേവനാവകാശ നിയമം 2012 കേരള ഗസറ്റ് (അസാധാരണം) ആയി 06.08.2012 ൽ പ്രസിദ്ധപ്പെടുത്തി. പരാമർശം രണ്ടിലെ ഉത്തരവ് പ്രകാരം 2012 നവംബർ മാസം ഒന്നാം തീയതി ഈ നിയമം നിലവിൽ വന്നതായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. 2012 ലെ കേരള സംസ്ഥാന സേവനാവകാശ നിയമം വകുപ്പ് 3 പ്രകാരം ഈ നിയമം പ്രാബല്യത്തിലായി ആറ് മാസത്തിനകം ഓരോ സർക്കാർ വകുപ്പും ഓരോ വകുപ്പ് മേധാവിയും ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും ഓരോ നിയമാധിഷ്ഠിത നികായവും അവ ഓരോന്നും നൽകുന്ന സേവനങ്ങൾ, സമയപരിധി, നിയുക്ത ഉദ്യോഗസ്ഥൻ, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി എന്നിവ ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതുണ്ട്.

2. പരാമർശം 3, 4 പ്രകാരം പഞ്ചായത്ത് ഡയറക്ടറും തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറും പഞ്ചായത്ത് വകുപ്പിന്റെ അധികാരപരിധിയിൽ വരുന്ന സേവനങ്ങൾ, സമയപരിധി, നിയുക്ത ഉദ്യോഗസ്ഥൻ, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ സർക്കാരിൽ സമർപ്പിച്ചു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടികയിൽ പ്രതിപാദിച്ചിരിക്കുന്ന സേവനങ്ങൾ, സമയപരിധി, നിയുക്ത ഉദ്യോഗസ്ഥൻ, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി എന്നിവ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. 2012 ലെ കേരള സംസ്ഥാന സേവനാവകാശ നിയമം വകുപ്പ് 3 പ്രകാരം പഞ്ചായത്ത് വകുപ്പിന്റെ പരിധിയിൽ വരുന്ന ഓരോ ഗ്രാമപഞ്ചായത്തും സേവനങ്ങളും മറ്റുവിവരങ്ങളും സംബന്ധിച്ച് പ്രത്യേകം വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഒരു ഏകരൂപം ഉണ്ടാകുന്നതിനുവേണ്ടിയാണ് സർക്കാർതലത്തിൽ സേവനങ്ങൾ, സമയപരിധി, നിയുക്ത ഉദ്യോഗസ്ഥൻ, അപ്പീൽ അധികാരികൾ എന്നിവ നിശ്ചയിച്ച് അനുബന്ധമായി ചേർത്തിട്ടുള്ളത്. ഇതിനനുസൃതമായി വിജ്ഞാപനം പുറപ്പെടുവിക്കാൻ ഓരോ ഗ്രാമപഞ്ചായത്തും മുൻഗണന നല്കി ശ്രദ്ധിക്കേണ്ടതാണ്. സമയപരിധിയ്ക്കുള്ളിൽ തന്നെ എല്ലാ പഞ്ചായത്തുകളും വിജ്ഞാപനം

പുറപ്പെടുവിച്ചു എന്ന് പഞ്ചായത്ത് ഡയറക്ടർ ഉറപ്പു വരുത്തേണ്ടതാണ്.

5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസ്, പഞ്ചായത്ത് ഡയറക്ടറേറ്റ് എന്നിവിടങ്ങളിൽ നിന്നും നല്കുന്ന സേവനങ്ങൾ സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള നടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

6. 2012 ലെ കേരള സംസ്ഥാന സേവനാവകാശ നിയമം വകുപ്പ് 3 പ്രകാരമുള്ള വിജ്ഞാപനം ഓരോ ഗ്രാമപഞ്ചായത്തും പഞ്ചായത്ത് ഡയറക്ടറും 30 ദിവസത്തിനകം പുറപ്പെടുവിക്കേണ്ടതും വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എസ്.ജലീൽ
സ്പെഷ്യൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (പകർപ്പ് എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും അയച്ചുകൊടുക്കേണ്ടതാണ്)
ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്(പ്രസിദ്ധീകരണത്തിന്)
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്
തദ്ദേശ സ്വയംഭരണ (ആർസി/ആർഡി)വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് പകർപ്പ്

പകർപ്പ്- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പിഎയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പിഎയ്ക്ക്

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ

**അനുബന്ധം**

# I. ഗ്രാമപഞ്ചായത്ത്

| ക്രമ നം. | സേവനം | നിശ്ചിത സമയപരിധി | നിയുക്ത ഉദ്യോഗസ്ഥൻ | ഒന്നാം അപ്പീൽ അധികാരി | രണ്ടാം അപ്പീൽ അധികാരി |
|---|---|---|---|---|---|
| 1 | ജനന രജിസ്ട്രേഷൻ (1969 ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ട്) (1999 ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ) | i)ആശുപത്രിയിൽ വച്ച് നടന്ന ജനനമെങ്കിൽ റിപ്പോർട്ട് ലഭിക്കുന്ന ദിവസം ii)മറ്റുള്ളവ 7 പ്രവൃത്തി ദിവസം | തദ്ദേശ രജിസ്ട്രാർ(ഗ്രാമ പഞ്ചായത്ത് സെക്രട്ടറി) | ജില്ലാ രജിസ്ട്രാർ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) | ചീഫ് രജിസ്ട്രാർ (ജനന-മരണം) (പഞ്ചായത്ത് ഡയറക്ടർ) |
| 2 | ജനന രജിസ്റ്ററിൽ പേര് ചേർക്കൽ (ജനനം രജിസ്റ്റർ ചെയ്യുമ്പോൾ പേര് ചേർത്തിട്ടില്ലായെങ്കിൽ മാത്രം) (1969 ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ട്) (1999 ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ) | 7 പ്രവൃത്തി ദിവസം | തദ്ദേശ രജിസ്ട്രാർ(ഗ്രാമ പഞ്ചായത്ത് സെക്രട്ടറി) | ജില്ലാ രജിസ്ട്രാർ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) | ചീഫ് രജിസ്ട്രാർ (ജനന-മരണം) (പഞ്ചായത്ത് ഡയറക്ടർ) |
| 3 | മരണ രജിസ്ട്രേഷൻ (1969 ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ട്)(1999 ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ) | i)ആശുപത്രിയിൽ വച്ച് നടന്ന മരണം റിപ്പോർട്ട് ലഭിക്കുന്ന ദിവസം ii)വീട്ടിലും സ്ഥാപനങ്ങളിലും വച്ചുള്ള മരണം അന്വേഷിച്ച് രജിസ്റ്റർ ചെയ്യുന്നതിന് 7 പ്രവൃത്തി ദിവസം | തദ്ദേശ രജിസ്ട്രാർ(ഗ്രാമ പഞ്ചായത്ത് സെക്രട്ടറി) | ജില്ലാ രജിസ്ട്രാർ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) | ചീഫ് രജിസ്ട്രാർ (ജനന-മരണം) (പഞ്ചായത്ത് ഡയറക്ടർ) |
| 4 | ജനനം/മരണം താമസിച്ച രജിസ്റ്റർ ചെയ്യൽ (1969 ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ട്) | അനുമതി ലഭിച്ച് 7 പ്രവൃത്തി ദിവസം | തദ്ദേശ രജിസ്ട്രാർ(ഗ്രാമ പഞ്ചായത്ത് സെക്രട്ടറി) | ജില്ലാ രജിസ്ട്രാർ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) | ചീഫ് രജിസ്ട്രാർ (ജനന-മരണം) (പഞ്ചായത്ത് ഡയറക്ടർ) |
| 5 | ജനന/മരണ സർട്ടിഫിക്കറ്റ് | i)പന്ത്രണ്ടാം വകുപ്പ് പ്രകാരമുള്ള ജനന സർട്ടിഫിക്കറ്റ് രജിസ്ട്രേഷൻ ദിവസം ii)മറ്റുള്ളവ 7 പ്രവൃത്തി ദിവസം | തദ്ദേശ രജിസ്ട്രാർ(ഗ്രാമ പഞ്ചായത്ത് സെക്രട്ടറി) | ജില്ലാ രജിസ്ട്രാർ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) | ചീഫ് രജിസ്ട്രാർ (ജനന-മരണം) (പഞ്ചായത്ത് ഡയറക്ടർ) |

| | | | | | |
|---|---|---|---|---|---|
| 6 | ജനന, മരണം എന്നിവയുമായി ബന്ധപ്പെട്ട നോൺഅവെയ് ലബിലിറ്റി സർട്ടിഫിക്കറ്റ് (ജനനം/മരണം രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ) (1969 ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ട്) | 15 പ്രവൃത്തി ദിവസം | തദ്ദേശ രജിസ്ട്രാർ(ഗ്രാമ പഞ്ചായത്ത് സെക്രട്ടറി) | ജില്ലാ രജിസ്ട്രാർ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) | ചീഫ് രജിസ്ട്രാർ (ജനന-മരണം) (പഞ്ചായത്ത് ഡയറക്ടർ) |
| 7 | ദത്തെടുക്കുന്ന കുട്ടികളുടെ രജിസ്ട്രേഷൻ | 30 പ്രവൃത്തി ദിവസം | തദ്ദേശ രജിസ്ട്രാർ(ഗ്രാമ പഞ്ചായത്ത് സെക്രട്ടറി) | ജില്ലാ രജിസ്ട്രാർ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) | ചീഫ് രജിസ്ട്രാർ (ജനന-മരണം) (പഞ്ചായത്ത് ഡയറക്ടർ) |
| 8 | വിദേശത്തു നടന്ന ജനനങ്ങളുടെ രജിസ്ട്രേഷൻ | 30 പ്രവൃത്തി ദിവസം | തദ്ദേശ രജിസ്ട്രാർ(ഗ്രാമ പഞ്ചായത്ത് സെക്രട്ടറി) | ജില്ലാ രജിസ്ട്രാർ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) | ചീഫ് രജിസ്ട്രാർ (ജനന-മരണം) (പഞ്ചായത്ത് ഡയറക്ടർ) |
| 9 | വിവാഹ രജിസ്ട്രേഷൻ(1955 ലെ ഹിന്ദു വിവാഹ ആക്ട് പ്രകാരം) | 15 പ്രവൃത്തി ദിവസം | തദ്ദേശ രജിസ്ട്രാർ(ഗ്രാമ പഞ്ചായത്ത് സെക്രട്ടറി) | ജില്ലാ രജിസ്ട്രാർ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) | ചീഫ് രജിസ്ട്രാർ (ജനന-മരണം) (പഞ്ചായത്ത് ഡയറക്ടർ) |
| 10 | വിവാഹം താമസിച്ച രജിസ്റ്റർ ചെയ്യൽ, 30 ദിവസത്തിന് ശേഷമുള്ളവ (1955 -ലെ ഹിന്ദു വിവാഹ ആക്ട് പ്രകാരം) | അനുമതി ലഭിച്ച് 15 പ്രവൃത്തി ദിവസം | തദ്ദേശ രജിസ്ട്രാർ(ഗ്രാമ പഞ്ചായത്ത് സെക്രട്ടറി) | ജില്ലാ രജിസ്ട്രാർ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) | ചീഫ് രജിസ്ട്രാർ (ജനന-മരണം) (പഞ്ചായത്ത് ഡയറക്ടർ) |
| 11 | വിവാഹ സർട്ടിഫിക്കറ്റ്(1955 -ലെ ഹിന്ദു വിവാഹ ആക്ട് പ്രകാരം നടത്തിയ രജിസ്ട്രേഷൻ) | 7 പ്രവൃത്തി ദിവസം | തദ്ദേശ രജിസ്ട്രാർ(ഗ്രാമ പഞ്ചായത്ത് സെക്രട്ടറി) | ജില്ലാ രജിസ്ട്രാർ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) | ചീഫ് രജിസ്ട്രാർ (ജനന-മരണം) (പഞ്ചായത്ത് ഡയറക്ടർ) |
| 12 | വിവാഹ രജിസ്ട്രേഷൻ(2008 ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ(പൊതു) ചട്ടങ്ങൾ പ്രകാരം. ഒരു വർഷത്തിനുശേഷമുള്ള വിവാഹ രജിസ്ട്രേഷൻ | അനുമതി ലഭിച്ച് 7 പ്രവൃത്തി ദിവസം | തദ്ദേശ രജിസ്ട്രാർ(ഗ്രാമ പഞ്ചായത്ത് സെക്രട്ടറി) | ജില്ലാ രജിസ്ട്രാർ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) | ചീഫ് രജിസ്ട്രാർ (ജനന-മരണം) (പഞ്ചായത്ത് ഡയറക്ടർ) |
| 13 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 50 ദിവസം | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | പഞ്ചായത്ത് ഡയറക്ടർ |
| 14 | അഗതി പെൻഷൻ(വിധവകൾക്കും വിവാഹ മോചിതർക്കും) | 50 ദിവസം | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | പഞ്ചായത്ത് ഡയറക്ടർ |

| | | | | | |
|---|---|---|---|---|---|
| 15 | വികലാംഗ പെൻഷൻ(വികലാംഗർ, അംഗവൈകല്യം സംഭവിച്ചവർ, ശാരീരിക, മാനസിക വെല്ലുവിളികൾ നേരിടുന്നവർ | 50 ദിവസം | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | പഞ്ചായത്ത് ഡയറക്ടർ |
| 16 | കർഷക തൊഴിലാളി പെൻഷൻ | 50 ദിവസം | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | പഞ്ചായത്ത് ഡയറക്ടർ |
| 17 | 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 50 ദിവസം | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | പഞ്ചായത്ത് ഡയറക്ടർ |
| 18 | തൊഴിൽരഹിത വേതനം | 50 ദിവസം | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | പഞ്ചായത്ത് ഡയറക്ടർ |
| 19 | സാധുക്കളായ വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായത്തിനുള്ള അപേക്ഷയിന്മേലുള്ള അന്വേഷണ റിപ്പോർട്ട് | 7 ദിവസം | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | പഞ്ചായത്ത് ഡയറക്ടർ |
| 20 | കെട്ടിട നിർമ്മാണ പ്രവൃത്തിക്കുള്ള പെർമിറ്റുകൾ(കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ) | 30 ദിവസം Rule 15 KPBR | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | പഞ്ചായത്ത് ഡയറക്ടർ |
| 21 | പെർമിറ്റ് കൈമാറ്റം ചെയ്യുന്നതിന് | 30 ദിവസം | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | പഞ്ചായത്ത് ഡയറക്ടർ |
| 22 | തെരുവിനോട് ചേർന്ന് മതിൽ/ഭിത്തി നിർമ്മിക്കുന്നതിനുള്ള പ്രവർത്തികൾക്കുള്ള പെർമിറ്റുകൾ(കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011) | 30 ദിവസം | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | പഞ്ചായത്ത് ഡയറക്ടർ |
| 23 | കെട്ടിട നിർമ്മാണം- പെർമിറ്റ് കാലാവധി നീട്ടൽ/ പുതുക്കൽ (കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011) | 30 ദിവസം | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | പഞ്ചായത്ത് ഡയറക്ടർ |
| 24 | പുതിയ കെട്ടിടത്തിന് നമ്പർ നൽകി നികുതി ചുമത്തുന്നതിന് | 15 ദിവസം Rule 25(3) KPBR | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | പഞ്ചായത്ത് ഡയറക്ടർ |
| 25 | വാസയോഗ്യമായ വീടില്ല എന്ന് കാണിക്കുന്ന | 7 ദിവസം | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | പഞ്ചായത്ത് ഡെപ്യൂട്ടി | പഞ്ചായത്ത് ഡയറക്ടർ |

| | | | | | |
|---|---|---|---|---|---|
| | സർട്ടിഫിക്കറ്റ് | | | ഡയറക്ടർ | |
| 26 | തെരുവിനോട് ചേർന്നുള്ള മതിൽ/ഭിത്തി പെർമിറ്റ് കാലാവധി നീട്ടൽ/പുതുക്കൽ (കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011) | 30 ദിവസം | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | പഞ്ചായത്ത് ഡയറക്ടർ |
| 27 | കെട്ടിട ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യൽ | 45 ദിവസം | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | പഞ്ചായത്ത് ഡയറക്ടർ |
| 28 | കെട്ടിട ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് | 3 പ്രവൃത്തി ദിവസം | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | പഞ്ചായത്ത് ഡയറക്ടർ |
| 29 | താമസക്കാരനാണെന്ന സർട്ടിഫിക്കറ്റ് | 7 പ്രവൃത്തി ദിവസം | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | പഞ്ചായത്ത് ഡയറക്ടർ |
| 30 | 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം കെട്ടിട നികുതി ഒഴിവാക്കൽ | 45 പ്രവൃത്തി ദിവസം | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | പഞ്ചായത്ത് ഡയറക്ടർ |
| 31 | 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം പൊളിച്ചുമാറ്റിയ കെട്ടിടത്തിന്റെ നികുതി ഒഴിവാക്കൽ | 45 പ്രവൃത്തി ദിവസം | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | പഞ്ചായത്ത് ഡയറക്ടർ |
| 32 | 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം ഒഴിഞ്ഞു കിടക്കുന്നതുമൂലം കെട്ടിടനികുതി ഇളവുചെയ്യൽ | 45 പ്രവൃത്തി ദിവസം | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | പഞ്ചായത്ത് ഡയറക്ടർ |
| 33 | ഫാക്ടറികൾ, വ്യവസായ സ്ഥാപനങ്ങൾ, വർക്ക് ഷോപ്പുകൾ തുടങ്ങിയവ ആരംഭിക്കുന്നതിനുള്ള ലൈസൻസ് | i) 30 ദിവസം ii)ആവശ്യമായ രേഖകൾ ഹാജരാക്കിയാൽ മറ്റ് സ്ഥാപന ങ്ങളിൽ നിന്നും നിരാക്ഷേപ | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | പഞ്ചായത്ത് ഡയറക്ടർ |

| | | | | | |
|---|---|---|---|---|---|
| | | സാക്ഷ്യപത്രം വാങ്ങേണ്ട സംഗതിയിൽ അവ ലഭിച്ച് കഴിഞ്ഞ് 45 ദിവസത്തിനകം | | | |
| 34 | വ്യാപാര സ്ഥാപനത്തിനുള്ള ലൈസൻസ് | i) 30 ദിവസം ii)ആവശ്യമായ രേഖകൾ ഹാജരാക്കിയാൽ മറ്റ് സ്ഥാപന ങ്ങളിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം വാങ്ങേണ്ട സംഗതിയിൽ അവ ലഭിച്ച് കഴിഞ്ഞ് 45 ദിവസത്തിനകം | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | പഞ്ചായത്ത് ഡയറക്ടർ |
| 35 | ക്വാറികൾക്കും ഇഷ്ടിക കളങ്ങൾക്കുമുള്ള ഡി & ഒ ലൈസൻസ് | i) 30 ദിവസം ii)ആവശ്യമായ രേഖകൾ ഹാജരാക്കിയാൽ മറ്റ് സ്ഥാപന ങ്ങളിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം വാങ്ങേണ്ട സംഗതിയിൽ അവ ലഭിച്ച് കഴിഞ്ഞ് 45 ദിവസത്തിനകം | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | പഞ്ചായത്ത് ഡയറക്ടർ |
| 36 | മരാധിഷ്ഠിത വ്യവസായങ്ങൾ | i) 30 ദിവസം ii)ആവശ്യമായ രേഖകൾ ഹാജരാക്കിയാൽ മറ്റ് സ്ഥാപന ങ്ങളിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം വാങ്ങേണ്ട സംഗതിയിൽ അവ ലഭിച്ച് കഴിഞ്ഞ് 45 ദിവസത്തിനകം | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | പഞ്ചായത്ത് ഡയറക്ടർ |
| 37 | സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ /ട്യൂട്ടോറിയൽ | i) 30 ദിവസം ii)ആവശ്യമായ രേഖകൾ | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | പഞ്ചായത്ത് ഡയറക്ടർ |

| | | | | | |
|---|---|---|---|---|---|
| | സ്ഥാപനങ്ങൾ തുടങ്ങിയവയുടെ രജിസ്ട്രേഷൻ | ഹാജരാക്കിയാൽ മറ്റ് സ്ഥാപന ങ്ങളിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം വാങ്ങേണ്ട സംഗതിയിൽ അവ ലഭിച്ച് കഴിഞ്ഞ് 45 ദിവസത്തിനകം | | | |
| 38 | പന്നി, പട്ടി എന്നിവയെ വളർത്തുന്നതിനുള്ള ലൈസൻസ് | i) 30 ദിവസം<br>ii)ആവശ്യമായ രേഖകൾ ഹാജരാക്കിയാൽ മറ്റ് സ്ഥാപന ങ്ങളിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം വാങ്ങേണ്ട സംഗതിയിൽ അവ ലഭിച്ച് കഴിഞ്ഞ് 45 ദിവസത്തിനകം | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | പഞ്ചായത്ത് ഡയറക്ടർ |
| 39 | ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള റോഡ് മുറിച്ച് കേബിളുകൾ/ പൈപ്പുകൾ ഇടുന്നതിനുള്ള അനുവാദം | 30 ദിവസം | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | പഞ്ചായത്ത് ഡയറക്ടർ |
| 40 | താല്ക്കാലിക കമാനങ്ങളും പരസ്യങ്ങളും ബോർഡുകളും പ്രദർശിപ്പിക്കുന്നതിനുള്ള അനുമതി | അപേക്ഷ നൽകി 30 ദിവസത്തി നകം | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | പഞ്ചായത്ത് ഡയറക്ടർ |
| 41 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ രജിസ്ട്രേഷൻ/തൊഴിൽ കാർഡ് നൽകുക. | 15 ദിവസം | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | പഞ്ചായത്ത് ഡയറക്ടർ |
| 42 | തൊഴിൽ കാർഡ് ലഭിച്ച തൊഴിൽ സന്നദ്ധന് തൊഴിൽ നൽകൽ | ഡിമാന്റ് നൽകി 15 ദിവസത്തിനകം | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | പഞ്ചായത്ത് ഡയറക്ടർ |
| 43 | വേതനം വിതരണം | 7 മുതൽ 14 ദിവസം വരെ | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | പഞ്ചായത്ത് ഡയറക്ടർ |
| 44 | കെട്ടിട നിർമ്മാണ പ്രവർത്തികൾക്കുള്ള പെർമിറ്റുകൾ നൽകുന്നതിലേയ്ക്കാവശ്യമായ | ബന്ധപ്പെട്ട ഓവർസീയർക്ക് അപേക്ഷ ലഭിച്ച് 7 ദിവസത്തിനു | i)ഓവർസീയർ<br>ii) അസിസ്റ്റന്റ് | ഗ്രാമപഞ്ചായ ത്ത് സെക്രട്ടറി | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ |

| | | | | | |
|---|---|---|---|---|---|
| | റിപ്പോർട്ട് നൽകുക | ള്ളിൽ സ്ഥല പരിശോധന പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കേണ്ട താണ്. ബന്ധ പ്പെട്ട എൻജി നീയർ 3 ദിവസ ത്തിനുള്ളിൽ സ്ഥല പരിശോധന നടത്തേണ്ടതും റിപ്പോർട്ട് പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കൈമാറേണ്ടതുമാ ണ് | എൻജിനീയർ | | |
| 45 | ഒക്കുപ്പൻസി സർട്ടിഫിക്കറ്റിനുള്ള അപേക്ഷയിന്മേൽ സ്ഥല പരിശോധന നടത്തി റിപ്പോർട്ട് നൽകുക | അപേക്ഷ ലഭിച്ച് 15 ദിവസത്തി നകം റിപ്പോർട്ട് പഞ്ചായത്ത് സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ട താണ് | ബന്ധപ്പെട്ട സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥൻ | ഗ്രാമപഞ്ചായ ത്ത് സെക്രട്ടറി | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ |

## II.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ആഫീസ്

| ക്രമ നം. | സേവനം | നിശ്ചിത സമയപരിധി | നിയുക്ത ഉദ്യോഗസ്ഥൻ | ഒന്നാം അപ്പീൽ അധികാരി | രണ്ടാം അപ്പീൽ അധികാരി |
|---|---|---|---|---|---|
| 1 | ജനനം രജിസ്റ്റർ ചെയ്യുന്നതിനുള്ള അനുമതി (30 ദിവസത്തിനുള്ളിൽ രജിസ്റ്റർ ചെയ്യുവാൻ കഴിയാതിരുന്ന സംഭവങ്ങൾ ഒരു വർഷത്തിനുള്ളിൽ രജിസ്റ്റർ ചെയ്യാനുള്ള അനുമതി) (ജനന മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ 1999) | 7 പ്രവൃത്തി ദിവസം | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ(ജില്ലാ രജിസ്ട്രാർ ) | പഞ്ചായത്ത് ഡയറക്ടർ | തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി |
| 2 | ജനന രജിസ്റ്ററിൽ പേരുചേർക്കുന്നതിനുള്ള അനുമതി(ജനന രജിസ്റ്ററിലെയും സ്കൂൾ രേഖയിലെയും ജനന തീയതികൾ തമ്മിൽ പത്തുമാസത്തിലധികം | 7 പ്രവൃത്തി ദിവസം | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ(ജില്ലാ രജിസ്ട്രാർ ) | പഞ്ചായത്ത് ഡയറക്ടർ | തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി |

| | | | | | |
|---|---|---|---|---|---|
| | വ്യത്യാസമുള്ള സംഭവങ്ങളിൽ മാത്രം) | | | | |
| 3 | മരണം രജിസ്റ്റർ ചെയ്യുന്നതിനുള്ള അനുമതി (30 ദിവസത്തിനുള്ളിൽ രജിസ്റ്റർ ചെയ്യുവാൻ കഴിയാതിരുന്ന സംഭവങ്ങൾ ഒരു വർഷത്തിനുള്ളിൽ രജിസ്റ്റർ ചെയ്യാനുള്ള അനുമതി) | 7 പ്രവൃത്തി ദിവസം | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ(ജില്ലാ രജിസ്ട്രാർ ) | പഞ്ചായത്ത് ഡയറക്ടർ | തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി |
| 4 | ഹിന്ദു വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള അനുമതി (30 ദിവസ ത്തിനുള്ളിൽ രജിസ്റ്റർ ചെയ്യുവാൻ കഴിയാതിരുന്ന സംഭവങ്ങൾ) | 7 പ്രവൃത്തി ദിവസം | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ(ജില്ലാ രജിസ്ട്രാർ ) | പഞ്ചായത്ത് ഡയറക്ടർ | തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി |
| 5 | വിവാഹങ്ങൾ (പൊതു)രജിസ്റ്റർ ചെയ്യുന്നതിനുള്ള അനുമതി (ഒരു വർഷത്തിനുള്ളിൽ വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള മെമ്മോറാണ്ടം ഫയൽ ചെയ്യിട്ടില്ലാത്ത സംഭവങ്ങൾക്ക്) | 7 പ്രവൃത്തി ദിവസം | വിവാഹ (പൊ തു)രജിസ്ട്രാർ ജനറൽ(പഞ്ചായ ത്ത് ഡെപ്യൂട്ടി ഡയറക്ടർ) | വിവാഹ (പൊ തു)മുഖ്യ രജിസ്ട്രാർ ജനറൽ (പഞ്ചായത്ത് ഡയറക്ടർ) | തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി |
| 6 | വിവാഹ (പൊതു) രജിസ്റ്ററിലെ തിരുത്തലു കൾക്ക് അനുമതി (പേര്, വയസ്സ്, തീയതി മുതലായ സാരവത്തായ ഉൾക്കുറിപ്പുകളിലെ തിരുത്തലുകൾക്ക്) | 10 പ്രവൃത്തി ദിവസം | വിവാഹ (പൊ തു)രജിസ്ട്രാർ ജനറൽ(പഞ്ചായ ത്ത് ഡെപ്യൂട്ടി ഡയറക്ടർ) | വിവാഹ (പൊ തു)മുഖ്യ രജിസ്ട്രാർ ജനറൽ (പഞ്ചായത്ത് ഡയറക്ടർ) | തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി |
| 7 | വിവാഹ (പൊതു)തദ്ദേശ രജിസ്ട്രാറുടെ തീരുമാനത്തിനെതിരെയുള്ള അപ്പീൽ | 10 പ്രവൃത്തി ദിവസം | വിവാഹ (പൊ തു)രജിസ്ട്രാർ ജനറൽ(പഞ്ചായ ത്ത് ഡെപ്യൂട്ടി ഡയറക്ടർ) | വിവാഹ (പൊ തു)മുഖ്യ രജിസ്ട്രാർ ജനറൽ (പഞ്ചായത്ത് ഡയറക്ടർ) | തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി |

## III. പഞ്ചായത്ത് ഡയറക്ടറേറ്റ്

| ക്രമ നം. | സേവനം | നിശ്ചിത സമയപരിധി | നിയുക്ത ഉദ്യോഗസ്ഥൻ | ഒന്നാം അപ്പീൽ അധികാരി | രണ്ടാം അപ്പീൽ അധികാരി |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (4) | (5) |
| 1 | 1970 ഏപ്രിൽ ഒന്നാം തീയതിക്കുമുമ്പുള്ള ജനന രജിസ്ട്രേഷനിൽ പേര് ചേർക്കുന്നതിനുള്ള അനുമതി | 7 പ്രവൃത്തി ദിവസം | ചീഫ് രജിസ്ട്രാർ(ജനന-മരണം) (പഞ്ചായത്ത് ഡയറക്ടർ) | തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി | |
| 2 | ജനന മരണ രജിസ്ട്രേഷനുകളിലെ തിരുത്തലുകൾക്കുള്ള അനുമതി | 7 പ്രവൃത്തി ദിവസം | ചീഫ് രജിസ്ട്രാർ(ജനന-മരണം) (പഞ്ചായത്ത് ഡയറക്ടർ) | തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി | |
| 3 | ഹിന്ദു വിവാഹ രജിസ്ട്രേഷനിൽ വന്നിട്ടുള്ള സാരവത്തായ തെറ്റുകൾ തിരുത്തുന്നതിന് | 7 പ്രവൃത്തി ദിവസം | ചീഫ് രജിസ്ട്രാർ(ജനന-മരണം) (പഞ്ചായത്ത് ഡയറക്ടർ) | തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി | |